# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/190/2017 <u>പത്രക്കുറിപ്പ്</u> 2017 സെപ്റ്റംബർ 07

**എം. ജി. പി. ജി. ഏകജാലകം : ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹരായവർ സെപ്റ്റംബർ 8 ന് വൈകിട്ട് 4 മണിക്ക് മുൻപായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ പി. ജി. പ്രവേശനത്തിന് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനത്തിന് അർഹത ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് സെപ്റ്റംബർ 8 ന് വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. സെപ്റ്റംബർ 8 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. തുടർന്നുള്ള അലോട്ട്മെന്റിൽ ഇവരെ പരിഗണിക്കുന്നതല്ല.

താത്കാലിക പ്രവേശനം നേടുന്നവർ തങ്ങളുടെ അലോട്ട്മെന്റ് മെമ്മോയും അസ്സൽ സാക്ഷ്യപത്രങ്ങളും പരിശോധനക്കു ശേഷം തിരിച്ചു വാങ്ങേണ്ടതാണ്. ഇവർ കോളേജുകളിൽ പ്രത്യേകമായി ഫീസ് അടക്കേണ്ടതില്ല. എന്നാൽ ഓൺലൈനായി നിശ്ചിത സർവ്വകലാശാലാ ഫീസ് അടക്കേണ്ടതാണ്.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തനാണെങ്കിൽ തുടർ അലോട്ട്മന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. ഹയർ ഓപ്ഷനുകൾ റദ്ദാക്കുന്നതിനുള്ള സൗകര്യം സെപ്റ്റംബർ 9 മുതൽ 11 വരെ ലഭ്യമാണ്. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം ലഭിക്കുന്ന പുതിയ അലോട്ട്മെന്റ് നിർബന്ധമായി സ്വീകരിക്കേണ്ടതാണ്. ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപെടുകയും ചെയ്യും. സെപ്റ്റംബർ9 മുതൽ 11 വരെ ഓപഷനുകൾ പുന: ക്രമീകരിക്കാം.

ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകർക്ക് രണ്ടാം അലോട്ട്മെന്റ് വരെ താത്കാലികമായി പ്രവേശനം നേടാം. ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്നവർ ഒഴികെയുള്ളവർ നിശ്ചിത ട്യൂഷൻ ഫീസടച്ച് സ്ഥിര പ്രവേശനം നേടേണ്ടതാണ്.

കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിനു ശേഷം 'കൺഫർമേഷൻ സ്ലിപ്' ചോദിച്ചു വാങ്ങി പ്രവേശനം സംബന്ധിച്ച വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വിവിധ പ്രോഗ്രാമുകളിലേക്ക് നിശ്ചയിച്ചിരിക്കുന്ന ട്യൂഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0481 6555563, 2733379, 2733581.

**ഒന്നാം വർഷ പി. ജി. ക്ലാസ്സുകൾ**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം വർഷ പി. ജി. ക്ലാസ്സുകൾ സെപ്റ്റംബർ 18 ന് ആരംഭിക്കും.

**പ്രാക്ടിക്കൽ പരീക്ഷ.**

2017 ജൂലായിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. ഫിസിക്സ് (സി. എസ്. എസ്/നോൺ സി. എസ്. എസ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 15 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ തൃപ്പൂണിത്തുറ ആർ. എൽ. വി കോളേജിലെ നാലാം സെമസ്റ്റർ എം. എ മ്യൂസിക് - വോക്കൽ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 13, 14, 15 തീയതികളിൽ ആർ. എൽ. വി കോളേജിൽ വച്ച് നടത്തും. ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷാതീയതി**

ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി കോഴ്സിന്റെ പ്രോജക്റ്റ് മൂല്യനിർണയത്തിനും വൈവാ വോസിക്കുമുള്ള അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 7 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും.

**ഒന്നാം അപ്പീൽ അധികാരി**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിവരാവകാശനിയമപ്രകാരം ഒന്നാം അപ്പീൽ അധികാരിയായി പ്രോ. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിനെ നിയമിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**